# Malayala Manorama

# 19 August 2018

# Kochi, Flood, Medical Control Room



## മെഡിക്കൽ കൺട്രോൾ റൂം തുറന്നു

കൊച്ചി ● ജില്ലയുടെ ഏതു പ്രദേശത്തിന്റെയും മെഡിക്കൽ ആവശ്യങ്ങൾക്കായി കൺട്രോൾ റൂം തുറന്നു. ജനറൽ ആശുപത്രിയിൽ നൂറോളം ഡോക്ടർമാരുടെയും വൊളന്റിയർമാരുടെയും നേതൃത്വത്തിലാണ് കൺട്രോൾ റൂം പ്രവർത്തിക്കുന്നത്. 15 ലക്ഷം രൂപയുടെ മരുന്നുകളാണ് വിവിധ ആശുപത്രികളിൽ നിന്ന് ഇവിടെ എത്തിച്ചിരിക്കുന്നത്. 15 ലക്ഷം രൂപയുടെ സ്പോൺസർഷിപ്പും പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്.

ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആവശ്യമുള്ള മരുന്നുകൾക്കു മാത്രമായി വിളിക്കാൻ ഹെൽപ്പ് ലൈനും ആരംഭിച്ചിട്ടുണ്ട്. ഹെൽപ്പ് ലൈൻ നമ്പർ: 9946992995. ഇതു കൂടാതെ ദുരിതാശ്വാസ ക്യാംപുകൾ തോറും എത്തി ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നൂറോളം മൊബൈൽ മെഡിക്കൽ സംഘങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർ നാനൂറ്റിഅൻപതിലേറെ ക്യാംപുകളിൽ എത്തുന്നുണ്ട്.